


ഹയർ സെക്കൻഡറി ഒപ്പനയിൽ എ ഗ്രേഡ് നേടിയ തിരുവനന്തപുരം നെല്ലിമൂട് സെന്റ് ക്രിസ്റ്റോംസ് എച്ച്എസ്എസ് സംഘം




മലയാള മനോരമ
TVM
ജനുവരി 25 തിങ്കൾ



ഹയർ സെക്കൻഡറി വിഭാഗം ഇംഗ്ലിഷ് സ്കിറ്റിൽ എ ഗ്രേഡ് നേടിയ വഴുതക്കാട് കാർമൽ ജിഎച്ച്എസ്എസ്.



എച്ച്എസ് വിഭാഗം നങ്ങ്യാർകൂത്തിൽ എ ഗ്രേഡ് നേടിയ നിർമ്മലഭവൻ എച്ച്എസ്എസിലെ എം. മധുരിമ

# അടുത്തതായി വേദി രണ്ടിൽ സ്റ്റേജ് മാറ്റം

**ചാർലി**

വിജെടി ഹാളിൽ ഒന്നു പ്രശ്നംവച്ചു നോക്കണം. ഉൽസവം ആരംഭിച്ച അന്നു മുതൽ ലവിടെ എന്തോ കുഴപ്പമുണ്ട്. ആദ്യ ദിവസം മാറ്റ് എത്താത്തതിനാൽ മോഹിനിയാട്ടം ലേറ്റായി. രണ്ടാം ദിവസം പലക ഇളകിയതു പേടിച്ചു മൽസരം മാറ്റി. ഇന്നലെ നാടോടിനൃത്തം കാണാൻ സിറ്റി മുഴുവൻ വണ്ടി കേറിയെത്തിയപ്പോഴല്ലേ രസം. കുട്ടി സ്റ്റേജിൽ, ഹോ ഹൊയ്... ഹോ ഹൊയ്... എന്നു വിളിച്ച് അങ്ങോട്ടുമിങ്ങോട്ടുമോടി നൃത്തം ചെയ്യുന്നതിനിടെ പാട്ട് നിന്നു. എല്ലാവരുംകൂടി പുറത്തുകയറുമെന്നായപ്പോൾ മൈക്ക്സെറ്റുകാരൻ ശശി സ്ഥിരം നമ്പർ ഇറക്കി.

'സിഡിയുടെ കൊഴപ്പമാണ് ചേച്ചീ, നമ്മളെ വിട്'വിട്ടില്ല. കുട്ടിയുടെ ടീംസ് വേറൊരു സിഡി പ്ലെയറിൽ സിഡിയിട്ടു. പാട്ട് നല്ല പൊളപ്പനായി കേട്ടു. ശശി ശശിയായി. മറ്റൊരു കുട്ടിയുടെ നൃത്തത്തിനിടയിലും സിഡി സഡൻബ്രേക്കിട്ടു. സംഗതി പിടികിട്ടിയ സംഘാടകർ രണ്ടു പേർക്കും വീണ്ടും അവസരം നൽകി മാതൃകയോടു മാതൃകയായി. സിഡി നിലച്ച ആലപ്പുഴക്കാരി ചന്ദന രാജേന്ദ്രനു ക്ലൈമാക്സിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനം. അതാണുറുമീസ്!!!

ഇന്നലത്തെ മുഖ്യ ഇനമായിരുന്നു സ്റ്റേജ്മാറ്റക്കളി. പുതിയ ഐറ്റമാണ്. ഞായറാഴ്ചയായതിനാൽ എല്ലാ വേദികൾക്കു മുന്നിലും തിരക്കോടു തിരക്ക്. സെന്റ് ജോസഫ്സിൽ നാടകം കാണാനെത്തിയവർ കണ്ടതു കൂക്കിവിളിയും തെറിവിളിയും. എക്കോ പ്രശ്നം കാരണം അവിടെ നാടകം അവതരിപ്പിക്കാൻ പറ്റില്ലെന്നു പറഞ്ഞായിരുന്നു ബഹളം. നാടകം പൂജപ്പുരയിലേക്കു മാറ്റി. പൂജപ്പുരയിൽ ഗാനമേള കേൾക്കാനെത്തിയവർ കണ്ടതു നാടകം. പാട്ട് കേൾക്കാനെത്തിയവർ ഗാനമേള എവിടെയെന്നറിയാതെ സ്വന്തം പാട്ടിനു പോയി. ഒടുവിൽ അറിയിപ്പു വന്നു-പാട്ട് ഹോളി ഏഞ്ചൽസിൽ. അങ്ങനെ രാവിലെ 11നു പറഞ്ഞിരുന്ന ഗാനമേള തുടങ്ങിയപ്പോൾ മണി അഞ്ചായി.

ജഡ്ജിമാർ ഇട്ട മാർക്ക് കൂട്ടിക്കഴിഞ്ഞാൽ അഞ്ചു മിനിറ്റിനുള്ളിൽ ഫലം വെബ്സൈറ്റിലെത്തിക്കുമെന്നായിരുന്നു ഐടി അറ്റ് സ്കൂളുകാരുടെ വാക്ക്. ചാർലി നോക്കിയപ്പോൾ അഞ്ചു മിനിറ്റല്ല, രണ്ടു മിനിറ്റിനുള്ളിൽ ഫലം വരുന്നു. നൗഫൽജി, വാക്കു പറഞ്ഞാൽ വാക്കായിരിക്കണം. അതാണു ടെക്നോളജിയുടെ കളി. എല്ലാം ഓൺലൈൻ വഴിയായതോടെ അതു മാറി. പ്രോഗ്രാം കമ്മിറ്റിക്കും മീഡിയ കമ്മിറ്റിക്കുമൊക്കെ പണി പഴയതുപോലെയില്ലാതായി. ഫുഡ് കമ്മിറ്റിക്കു മാത്രമാണു മാറ്റമൊന്നുമില്ലാത്തത്. അന്നും പണി, ഇന്നും പണി. ഉപ്പുമാവ് വാട്ട്സാപ്പു വഴി കൊടുക്കാനാവില്ലല്ലോ. പുത്തരിക്കണ്ടത്തും പൂജപ്പുരയിലും മാത്രമല്ല, 27 വിദേശ രാജ്യങ്ങളിലിരുന്നും ഇക്കുറി ജനം കലോൽസവം കണ്ടു. അതും എച്ച്ഡി ക്വാളിറ്റിയിൽ. ഒരുകാലത്ത് എല്ലാവരും പായും തലയണയും കെട്ടി സംസ്ഥാന കലോൽസവത്തിനെത്തുന്ന ഏർപ്പാടു നിൽക്കുമായിരിക്കും. കുട്ടി സ്വന്തം സ്കൂളിലെ ഓൺലൈൻ കലോൽസവ കേന്ദ്രത്തിൽ കുച്ചിപ്പുഡി കളിക്കും. ജഡ്ജിമാർ പിന്നീടു സിഡി കണ്ടു മാർക്കിടും. ഫലം വാട്സാപ്പിൽ വരും. കുട്ടി അതു ഫെയ്സ്ബുക്കിൽ ഷെയർ ചെയ്യും. കോഴ ജഡ്ജിയുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്യും. സൈബർ സെൽ അതു കയ്യോടെ പൊക്കും. കംപ്യൂട്ടറിനെ കൊല്ലണം എന്നു മുദ്രാവാക്യം വിളിച്ചിരിക്കാതെ, കാലത്തിനൊത്തു മാറിയില്ലെങ്കിൽ നമ്മളെല്ലാം അന്നു ശശി എന്നറിയപ്പെടും. വെറും ശശിയല്ല, റോക്ക് ശശി. ഏത്?




***കർട്ടൻ:***

ഹോളി ഏഞ്ചൽസിലായിരുന്നു ഇന്നലെ ഗാനമേള. പക്ഷേ, പുത്തരിക്കണ്ടത്ത് അതിനെ വെല്ലുന്ന പൊളപ്പൻ ഗാനമേള. എവിടെപ്പോയി മാർക്കിടുമെന്നറിയാതെ ജഡ്ജസിനു ശങ്ക. ചാർലി പറഞ്ഞു വരുന്നതെന്തെന്നാൽ, ഈ ഏർപ്പാട് തുടങ്ങിയിട്ട് രണ്ടീസായി. ചില ചാനലുകാർ ഗാനമേളക്കാരെ പുത്തരിക്കണ്ടത്തിറക്കി ഗാനമേള പാടിക്കുകയാണ്. വേദിക്കു മുന്നിൽ സംഘനൃത്തം കാണാനിരുന്നവരിൽ പലരും അവിടെ നിന്നെണീറ്റു ഗാനമേളക്കാരനു മുന്നിലെത്തി സംഘനൃത്തം തുടങ്ങി. എല്ലാ ബഹുമാനക്കുറവോടുംകൂടി ചാർലി പറയട്ടെ, ഔചിത്യബോധം എന്ന വാക്ക് ശബ്ദതാരാവലിയിൽ ഇപ്പോഴും നെഞ്ചു വിരിച്ചു കിടക്കുന്നുണ്ട്.



ഹയർ സെക്കൻഡറി വിഭാഗം കുച്ചിപ്പുഡിയിൽ എ ഗ്രേഡ് നേടിയ തിരുവനന്തപുരം നിർമലഭവൻ ജിഎച്ച്എസ്എസിലെ എ.എസ്. മേഘ.

# ആശങ്കയുടെ മുൾമുനയിൽ എട്ടു മണിക്കൂർ നാടകം

തിരുവനന്തപുരം● വേദി മാറ്റിയേതീരൂവെന്ന ആവശ്യത്തിലുറച്ചു പ്രതിഷേധക്കാർ, പറ്റില്ലെന്ന വാശിയിൽ സംഘാടകർ, ആശങ്കയോടെ രക്ഷിതാക്കളും സ്കൂൾ അധികൃതരും, മാസങ്ങൾ നീണ്ട അധ്വാനം പാഴായിപ്പോകുമോയെന്ന പേടിയിൽ കരച്ചിലിന്റെ വക്കോളമെത്തി മേക്കപ്പിട്ട മൽസരാർഥികൾ. ഹൈസ്കൂൾ വിഭാഗം നാടക മൽസരം നടത്താൻ നിശ്ചയിച്ചിരുന്ന സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിൽ മൂന്നു മണിക്കൂറോളം അരങ്ങുതകർത്താടിയത് അനിശ്ചിതത്വം. ഒടുവിൽ മൽസരവേദി പൂജപ്പുരയിലേക്കു മാറ്റിയപ്പോൾ അവിടെ എത്തിപ്പെടാനുള്ള തത്രപ്പാടിലായി മൽസരാർഥികൾ.

രണ്ടു ദിവസം മുൻപു ഹയർ സെക്കൻഡറി വിഭാഗം നാടകമൽസരം നടത്തിയപ്പോൾ ശബ്ദക്രമീകരണത്തിലെ പിഴവ് നാടകപ്രവർത്തകർ ചൂണ്ടിക്കാണിച്ചിരുന്നു. ഇക്കുറി പിഴവ് പരിഹരിച്ചുവെന്നു വിചാരിച്ച നാടകപ്രേമികളെ നിരാശരാക്കിയാണ് ആദ്യനാടകത്തിന്റെ അവതരണം നടന്നത്. ഇരുമ്പ് തൂണുകളും തകരഷീറ്റുമുള്ള വേദിയാണു സെന്റ് ജോസഫ്സ് സ്കൂളിലേത്. സംഭാഷണങ്ങൾ ഇതിൽ തട്ടി പ്രതിഫലിച്ചതിനാൽ ശരിയാംവണ്ണം കേൾക്കാൻ കഴിയാത്ത സ്ഥിതിയായിരുന്നു. വിധികർത്താക്കളിൽ ഒരാൾ രഹസ്യമായി ഇക്കാര്യം സംഘാടകരെ അറിയിച്ചു. ആസ്വാദകരും പ്രതിഷേധവുമായി രംഗത്തെത്തിയതോടെ നാടകവേദി ആശങ്കയുടെ വേദിയായി.

മൽസരം തുടങ്ങുമെന്ന് അറിയിച്ചിരുന്ന രാവിലെ ഒൻപതിനു 18 ടീമുകൾ റജിസ്റ്റർ ചെയ്തുകഴിഞ്ഞിരുന്നു. ഇവരിൽ ആദ്യ അവസരം ലഭിച്ച ടീമുകൾ മേക്കപ്പിടുകയും ചെയ്തു. മറ്റു ടീമുകൾ അവസാനവട്ട പരിശീലനത്തിന്റെയും തിരക്കിലായിരുന്നു. ഇതിനിടെയാണു വേദിക്കു മുന്നിൽ പ്രതിഷേധം തുടങ്ങിയത്.

മൽസരം താൽക്കാലികമായി നിർത്തിവയ്ക്കുന്നതായി അറിയിപ്പു വന്നതോടെ മൽസരാർഥികൾ പരിഭ്രമിച്ചു. ചമയങ്ങൾ അണിഞ്ഞവർ കാര്യമെന്തെന്നറിയാനായി വേദിക്കു മുന്നിലെത്തി. ഇതിൽ ചില പെൺകുട്ടികളാണു കരച്ചിലിന്റെ വക്കോളമെത്തി വേദിക്കു സമീപം തളർന്നിരുന്നത്. അവസാനവട്ട പരിശീലനം നടത്തുകയായിരുന്നവർക്കും വേദിക്കു മുന്നിലെത്തിയതോടെ ആശങ്ക ഇരട്ടിച്ചു.

വേദി മാറ്റിയില്ലെങ്കിൽ മൽസരിക്കില്ലെന്നു നാടകപ്രവർത്തകർ പ്രഖ്യാപിച്ചതോടെ മാസങ്ങൾനീണ്ട അധ്വാനം പാഴായിപ്പോകുമെന്ന പേടിയിലായി കുട്ടികൾ. പ്രതിഷേധം തുടരുന്നതിനിടെ രണ്ടാമത്തെ ടീമിനോടു രംഗസജ്ജീകരണം ഒരുക്കാൻ സംഘാടകർ ആവശ്യപ്പെട്ടു. പ്രശ്നപരിഹാരത്തിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ എത്തിയപ്പോൾ കൂടെയെത്തിയവർ രംഗസജ്ജീകര സാമഗ്രികളുടെമേൽ കയറിനിന്നതു ടീമിന് ഇരട്ടി വിനയായി. സംഘാടകരുമായി ചർച്ച നടത്തിയ മുറിക്കു പുറത്തും മൽസരാർഥികൾ ആശങ്കയോടെ നിന്നു. ഒടുവിൽ വേദി മാറ്റിയെന്ന അറിയിപ്പു വന്നതോടെ താൽക്കാലിക ആശ്വാസമായി. പൂജപ്പുര വേദിയിലേക്കു നാടകത്തിനു വേണ്ട സജ്ജീകരണങ്ങളുമായി പോകുന്ന തിരക്കായിരുന്നു പിന്നെ കണ്ടത്.

എട്ടര മണിക്കൂർ മൽസരാർഥികളെ മുൾമുനയിൽ നിർത്തിയ സംഘാടകപ്പിഴവ് പ്രകടനത്തെയും ബാധിച്ചെന്നു നാടകപ്രവർത്തകർ പറയുന്നു.



എച്ച്എസ് വിഭാഗം ആൺകുട്ടികളുടെ കേരളനടനത്തിൽ മൂന്നാം സ്ഥാനം നേടിയ ആറ്റിങ്ങൽ ജിഎംബി എച്ച്എസ്എസിലെ പ്രിജുൻ.എസ്. പത്മൻ

## നങ്ങ്യാർക്കൂത്ത് വേദിയുടെ ഓർമകളിൽ മാർഗി സതി



മാർഗി സതി

തിരുവനന്തപുരം● നങ്ങ്യാർകൂത്തിന്റെ അഭിമാന മുഖമായ മാർഗി സതിയുടെ ഓർമകളിലായിരുന്നു ഇന്നലെ കോട്ടൺഹിൽ സ്കൂളിലെ ക്ലാസ്മുറികൾ. നങ്ങ്യാർക്കൂത്ത് എച്ച്എസ് വിഭാഗം മൽസരത്തിനെത്തിയ കുട്ടികളും അവരുടെ അധ്യാപകരും നിറഞ്ഞ ഗ്രീൻ മുറികളിൽ തങ്ങളുടെ പ്രിയപ്പെട്ട സതിച്ചേച്ചിയെക്കുറിച്ചുള്ള ഓർമകൾ തളംകെട്ടിനിന്നു.

അഞ്ചു വർഷത്തോളം തന്നെ പിന്തുടർന്ന അർബുദരോഗത്തെ പോലും കൂസാതെ നങ്ങ്യാർക്കൂത്ത്-കൂടിയാട്ട വേദികളിൽ നിറഞ്ഞുനിന്ന സതിയുടെ അടുപ്പക്കാരോ ആരാധകരോ ഒക്കെയായിരുന്നു ഇന്നലെ നങ്ങ്യാർക്കൂത്ത് നഗരിയിലെത്തിയത്. നങ്ങ്യാർക്കൂത്തിലെ ഇളമുറക്കാരും പേരെടുത്ത കലാകാരന്മാരും പിന്നണിക്കാരും എല്ലാം ഒരു വട്ടമെങ്കിലും മാർഗി സതിയെ അനുസ്മരിച്ചു. അരങ്ങിൽ ആത്മവിശ്വാസത്തിന്റെ ആൾരൂപമായി കാലം എന്നും ഓർക്കുന്ന സതിയുടെ ഓർമകൾക്കു മുന്നിൽ ആത്മവിശ്വാസത്തോടെയാണു പുതുതലമുറക്കാർ നങ്ങ്യാർക്കൂത്ത് അവതരിപ്പിച്ചത്.

# ഇന്ന് അണിയാം വയലറ്റ്

● മൽസരം ഇന്ന് രാവിലെ 11 മുതൽ 2 വരെ വിവിധ വേദികളിൽ

തിരുവനന്തപുരം● നിറങ്ങളിൽ ചാലിച്ചൊരു മൽസരം മലയാള മനോരമ കലാസ്വാദകർക്കായി ഒരുക്കുന്നു. സംസ്ഥാന സ്കൂൾ കലോൽസവം കാണാൻ വേദികളിൽ നിങ്ങളെത്തുമ്പോൾഓരോ ദിവസത്തെയും നിറം മുൻകൂട്ടി അറിഞ്ഞ് അണിഞ്ഞൊരുങ്ങിവരിക. ആ നിറമണിഞ്ഞുവരുമ്പോൾ തന്നെ നിങ്ങൾ ഈ ഭാഗ്യമൽസരത്തിൽ ചേർന്നുകഴിഞ്ഞു.

സെക്രട്ടറിയേറ്റിനു സമീപം പുന്നൻ റോഡിൽ പ്രവർത്തിക്കുന്ന ടെക്നോവേൾഡ് ഐടി സ്റ്റോറുമായി ചേർന്നു നടത്തുന്ന ഈ മൽസരത്തിൽ ഡെൽ/എച്ച്പി ലാപ്ടോപ് ബാഗ്, ഡെൽ യുഎസ്ബി 2 സ്റ്റീരിയോ മൾട്ടിമീഡിയ സ്പീക്കർ, ചുരിദാർ സെറ്റ്, ലേഡീസ് ബാഗ്, ഹെൽമറ്റ് തുടങ്ങിയവയാണു ദിവസവും സമ്മാനങ്ങൾ. ഇന്നത്തെ നിറം പച്ച. നാളെ വയലറ്റ്. നിങ്ങൾ ചെയ്യേണ്ടത് ഇത്രമാത്രം. ഇന്ന് കലോൽസവ വേദികളിൽ പച്ച വസ്ത്രമോ വസ്ത്രത്തോടൊപ്പമുള്ള ആക്സസറീസോ മേയ്ക്കപ്പോ എന്തുമാകാം, അതു നന്നായി ധരിച്ചുവരിക. വേദികളിൽ മനോരമ സംഘമെത്തും. കൂട്ടത്തിലെ ഭാഗ്യശാലികൾക്ക് ആകർഷക സമ്മാനങ്ങൾ.

പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമെല്ലാം മൽസരത്തിൽ പങ്കെടുക്കാം. പ്രായത്തിലും നിബന്ധനയില്ല.

TECHNO WORLD
THE IT STORE
COMPUTER | LAPTOP SALES & SERVICE
PUNNEN ROAD, STATUE, THIRUVANANTHAPURAM
PH : 9387800188, LANDLINE : 0471-2320004




ഇന്നത്തെ സമ്മാനം
ജനുവരി 25

Line 1 — Mobile 'സ്മാർട്ട് ഫോൺ'
Line 2 — Bedsheet 'ബെഡ് ഷീറ്റ്'

നിങ്ങളുടെ കാർഡിലെ 8 ചിഹ്നങ്ങൾ ഉള്ള ലക്കി ലൈൻ മുകളിലുള്ള ലൈനുകൾക്ക് താഴെ വച്ച് ഒത്തു നോക്കുക. കാർഡിലെ ലൈനും മുകളിലുള്ള ഏതെങ്കിലും ഒരു ലൈനിലെ 8 ചിഹ്നങ്ങളും അതേ ക്രമത്തിലാണെങ്കിൽ ആ ലൈനിനു നേരെ പ്രഖ്യാപിച്ചിരിക്കുന്ന സമ്മാനം നിങ്ങൾക്ക് ഉറപ്പ്.

സമ്മാനം ക്ലെയിം ചെയ്യുന്നതിനും സംശയങ്ങൾക്കും താഴെ പറയുന്ന നമ്പറുകളിൽ രാവിലെ 9:30 മുതൽ വൈകു: 5 വരെ (ഞായർ, പൊതു അവധി ദിനങ്ങളൊഴികെ) ബന്ധപ്പെടുക. കൊച്ചി: 9495080004, കോട്ടയം: 9495080006, തിരുവനന്തപുരം: 9446220919, കൊല്ലം: 9447857627, തൃശൂർ: 9495080002, പാലക്കാട്: 9495173551, കോഴിക്കോട്: 9495244614, മലപ്പുറം: 9447857663, കണ്ണൂർ: 9495375514, പത്തനംതിട്ട: 9447857441, ആലപ്പുഴ: 8281559553, ബാംഗ്ലൂർ: 9880042315, ഡെൽഹി: 9871329407, മുംബൈ: 9892700265, ചെന്നൈ: 9940101610 (മനോരമയുടെ മറ്റ് നമ്പരുകളിൽ 'ലക്കി ലൈനു' മായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമല്ല.)

സർക്കാർ ഉദ്യോഗം വൻ ശമ്പള വർദ്ധനവ് | ഈ സൗഭാഗ്യം എന്തിന് നിങ്ങൾ നിഷേധിക്കണം?



റിപ്പബ്ലിക് ദിനത്തിൽ ഉദ്യോഗസ്വാതന്ത്ര്യം പ്രഖ്യാപിക്കാം
2016 സ്വാതന്ത്ര്യദിനത്തിനുമുമ്പ് ഉദ്യോഗം
HIGH POWER TRAINING
Republic Day അനുബന്ധിച്ച് ആരംഭിക്കുന്ന തീവ്രപരിശീലനത്തിലൂടെ 2016 ആഗസ്റ്റ് 15 നുള്ളിൽ ഉദ്യോഗം.
PSC L.D.ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ്, പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ്
RRB അസി.സ്റ്റേഷൻ മാസ്റ്റർ, ഗുഡ്സ് ഗാർഡ്, കൊമേഴ്സ്യൽ/ട്രാഫിക് അപ്രന്റീസ്
SSC ഹയർ സെക്കന്ററി ലെവൽ, ഗ്രാജുവേറ്റ് ലെവൽ പരീക്ഷ
BANK Bank Clerk, Bank PO
എന്നിവയ്ക്ക് അഡ്മിഷൻ ആരംഭിച്ചു. വമ്പിച്ച ഫീസ് ഇളവുകൾ
Morning, Day, Evening & Holiday Batches
നേരിട്ട് പഠിക്കാൻ സാധിക്കാത്തവർക്ക് വീട്ടിലിരുന്ന് പഠിച്ച് ഉദ്യോഗം നേടാൻ കറസ്പോണ്ടൻസ് കോഴ്സ് / Online Coaching ലഭ്യമാണ്.
BRILLIANCE COLLEGE CORRESPONDENCE/ONLINE COACHING HELPLINE : 0471-2327066, 2325565
Brilliance College : നേരിട്ടുള്ള കോച്ചിങ് പഠനകേന്ദ്രങ്ങൾ

| | | | |
|---|---|---|---|
| തമ്പാനൂർ | 2339922 | നെടുമങ്ങാട് | 8281698173 |
| ബാലരാമപുരം | 2406640 | പോത്തൻകോട് | 8281698176 |
| കാട്ടാക്കട | 2294229 | വെഞ്ഞാറമൂട് | 2874487 |
| നെയ്യാറ്റിൻകര | 2226422 | കല്ലറ | 8281698174 |
| കാഞ്ഞിരംകുളം | 8281698177 | കഴക്കൂട്ടം | 8281698175 |
| പാറശ്ശാല | 2202022 | ആറ്റിങ്ങൽ | 8281698172 |
| വെങ്ങാന്നൂർ | 8281698178 | വർക്കല | 2608860 |
| വെള്ളറട | 2244224 | | |

BRILLIANCE COLLEGE S.S.കോവിൽ, തമ്പാനൂർ, തിരുവനന്തപുരം 0471-2332327